നം. സി.ഇ.ഇ/2062/2008/സി.എ,പി.-09/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# 2009 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് 08.09.2009 ന് പ്രസിദ്ധീകരിക്കുന്നു

മൂന്നാം ഘട്ട അലോട്ട്മെന്റിലേക്ക് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതിയ കോഴ്സ്/കോളേജുകളിലേക്ക് ഓപ്ഷൻ നൽകുന്നതിനും 26.08.2009 മുതൽ 31.08.2009 വരെ സൗകര്യം നൽകിയിരുന്നു. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **08.09.2009** ന് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമായിരിക്കും. ഹോം പേജിൽ നിർദ്ദേശിച്ചിട്ടുള്ള തുക വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **സെപ്റ്റംബർ 9, 10 തീയതികളിൽ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നും രണ്ടും ഘട്ട അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റിൽ കോഴ്സ്/കോളേജ് മാറ്റം ലഭിക്കുകയാണെങ്കിൽ അവരുടെ ഹോംപേജിൽ പറയുന്ന പ്രകാരം ബാക്കി ഫീസ് SBT ശാഖകളിൽ ഒടുക്കേണ്ടതാണ്.

ഫീസടച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും **സെപ്റ്റംബർ 14-ാം തീയതി** പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള രേഖകൾസഹിതം, അവർക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ, അവർക്ക് ഈ അലോട്ട്മെന്റ് പ്രകാരം കോളേജ് മാറ്റം ലഭിക്കുന്നപക്ഷം, നിലവിലുള്ള കോളേജിൽ നിന്നും **സെപ്റ്റംബർ 9, 10 തീയതികളിൽ** ടി.സിയും മറ്റ് രേഖകളും കൈപ്പറ്റി, പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **സെപ്റ്റംബർ 14-ാം തീയതി** ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടച്ച്/പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്.**

കോളേജ് അധികൃതർ '**നോൺ ജോയിനിംഗ്**' റിപ്പോർട്ട് **15.09.2009 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് ഫാക്സ് മുഖാന്തിരം (0471-2337228)** പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

അഡ്മിഷൻ റദ്ദു ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, പ്രവേശനം നേടിയ കോളേജിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി **16.09.2009 ന് വൈകുന്നേരം 5 മണിക്ക് മുൻപ്** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ എത്തിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ഇപ്പോൾ നിലവിലുള്ള അഡ്മിഷനും എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്.

**സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരവരുടെ MBBS/BDS അഡ്മിഷൻ റദ്ദ് ചെയ്യാനുള്ള അവസാന ദിവസം 16.09.2009 ആയിരിക്കും.** 16.09.2009 ന് ശേഷം ഒരു കാരണവശാലും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ നിന്നും അഡ്മിഷൻ ക്യാൻസൽ ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല. സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജ് അധികൃതർ **16.09.2009 ന് വൈകുന്നേരം 5 മണിക്ക് മുമ്പ്** അതത് കോളേജുകളിൽ നിലവിലുള്ള സർക്കാർ സീറ്റ് ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറെ രേഖാമൂലം അറിയിക്കേണ്ടതാണ്.



തിരുവനന്തപുരം

07.09.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**